പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1748 | 16-10-2026-ൽ മറുപടിയ്ക്ക്

<u>അംഗൻവാടി കുട്ടികളിലെ പോഷകാഹാരക്കുറവ്</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>

ശ്രീ. എം. എ. റസാഖ് മാസ്റ്റർ

ശ്രീ. ഫൈസൽ ബാബു

ശ്രീ. എ. കെ. എം. അഷ്‌റഫ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

<u>മറുപടി നൽകിയ മന്ത്രി</u>

ശ്രീമതി ബിന്ദു കൃഷ്ണ

(തൊഴിൽ, മൃഗസംരക്ഷണ - വനിതാ ശിശു വികസന വകുപ്പ് മന്ത്രി)

(എ) അംഗൻവാടി കുട്ടികളിലെ പോഷകാഹാരക്കുറവ്, മറ്റ് ആരോഗ്യ പ്രശ്നങ്ങൾ എന്നിവ പരിഹരിക്കുന്നതിന് വനിതാ ശിശു വികസന വകുപ്പ് എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

<u>മറുപടി:</u> സംസ്ഥാനത്ത് കുട്ടികളിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി വനിതാ- ശിശു വികസന വകുപ്പ് മുഖേന ആദ്യ 1000 ദിന പരിപാടി നടപ്പിലാക്കി വരുന്നുണ്ട്. ഗർഭാവസ്ഥ മുതൽ കുഞ്ഞിന് 2 വയസ്സ് വരെയുള്ള കാലഘട്ടത്തിൽ കുഞ്ഞിന്റെ സമഗ്ര വികസനം ലക്ഷ്യം വച്ചും അമ്മയുടെ പോഷകാഹാര ലഭ്യത ഉറപ്പാക്കുന്നതിനുമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. അട്ടപ്പാടി മേഖലയിലുണ്ടായ വർദ്ധിച്ച ശിശുമരണങ്ങളുടെ പശ്ചാത്തലത്തിൽ അട്ടപ്പാടി ICDS പ്രോജക്ടിൽ ആരംഭിച്ച പദ്ധതി നിലവിൽ സംസ്ഥാനത്താകെ മലയോര തീരദേശ മേഖലകളിൽപ്പെട്ട 57 ICDS പ്രോജക്ടുകളിൽ നടപ്പിലാക്കുന്നുണ്ട്. പദ്ധതിയുടെ ഭാഗമായി പ്രത്യേക മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും എല്ലാ മാസവും പ്രത്യേക ഫുഡ് (3 kg/month) വിതരണം നടത്തി വരുന്നുണ്ട്.

1.അനുപൂരക പോഷകാഹാര പദ്ധതി (50% centrally sponsored scheme):

ICDS ന് കീഴിൽ നടപ്പിലാക്കി വരുന്ന ഏറ്റവും പ്രധാന പദ്ധതിയാണ് അനുപൂരക പോഷകാഹാര പദ്ധതി (Supplementary Nutrition programme - SNP). സമൂഹത്തിലെ ഏറ്റവും ദുർബലവിഭാഗങ്ങളിൽപ്പെട്ട 6 മാസം മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവരിലെ പോഷകാഹാരക്കുറവും വിളർച്ചയും പരിഹരിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള കേന്ദ്ര സംസ്ഥാന പങ്കാളിത്തത്തോടെയുള്ള (Cost Sharing) ഒരു പദ്ധതിയാണിത്. സംസ്ഥാനത്തെ അങ്കണവാടി ശൃംഖലകൾ വഴിയാണ് ഈ പദ്ധതിയുടെ ആനുകൂല്യങ്ങൾ ഗുണഭോക്താക്കളിലേക്ക് നേരിട്ട് എത്തിക്കുന്നത്.

പദ്ധതിയുടെ ഭാഗമായി Take Home Ration (THR): 6 മാസം മുതൽ 3 വയസ്സ് വരെയുള്ള കുട്ടികൾക്കും, ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള തരത്തിൽ പ്രോട്ടീനും കലോറിയും ഉറപ്പു വരുത്തി അനുപൂരക പോഷകാഹാരം THR ആയി വിതരണം ചെയ്യുന്നു. 6 മാസം മുതൽ 3 വയസ് വരെയുള്ള കുട്ടികൾക്ക് പോഷകാഹാര കുറവ് പരിഹരിക്കുന്നതിന്

11 മൈക്രോ ന്യൂട്രിയന്റ്സ് കൊണ്ട് fortify ചെയ്ത അമൃതം ന്യൂട്രിമിക്സ് ഒരു കുട്ടിക്ക് ഒരു ദിവസം 135gm എന്ന അളവിൽ THR ആയി വിതരണം ചെയ്യുന്നു. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള തരത്തിൽ പ്രോട്ടീനും കലോറിയും ഉറപ്പു വരുത്തി ഭക്ഷണ സാധനങ്ങൾ നൽകുന്നു. Hot Cooked Meal (HCM) പദ്ധതി പ്രകാരം 3 വയസ്സ് മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾക്ക് അവരുടെ ശാരീരിക-മാനസിക വളർച്ചയ്ക്ക് ആവശ്യമായ കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള തരത്തിൽ പ്രോട്ടീനും കലോറിയും ഉറപ്പു വരുത്തി മാതൃക മെനു പ്രകാരം ഉള്ള ഭക്ഷണം അങ്കണവാടികളിൽ തന്നെ പാകം ചെയ്ത് ദിവസേന നൽകുന്നു.

2. കേന്ദ്ര സർക്കാരിന്റെ WBNP പദ്ധതി പ്രകാരം 6 മാസം മുതൽ 3 വയസ് വരെയുള്ള കുട്ടികൾക്ക് Subsidy നിരക്കിൽ ഉള്ള ഗോതമ്പ് (100 gm per day per beneficiary) (അമൃതം ന്യൂട്രിമിക്സ് നിർമ്മാണത്തിനു ഉപയോഗിക്കുന്നു). ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും സബ്സിഡി നിരക്കിലുള്ള ഗോതമ്പ് (100 gm per day per beneficiary) (THR ആയി നൽകുന്നു),

3 മുതൽ 6 വയസ് വരെ പ്രായമുള്ള കുട്ടികൾക്ക് സബ്സിഡി നിരക്കിൽ fortify ചെയ്ത അരി (100 gm per day per beneficiary) (HCM നു ഉപയോഗിക്കുന്നു) എന്നിവ കേന്ദ്ര സർക്കാർ അനുപൂരക പോഷകാഹാര പദ്ധതിയുടെ ഭാഗമായി അനുവദിക്കുന്നുണ്ട്.

3. പോഷകബാല്യം പദ്ധതി (Fare food-Inclusion of Egg & Milk in Anganwadi menu):

കേരളത്തിലെ കുട്ടികളുടെ പോഷകാഹാര നിലവാരം ഉയർത്തുന്നതിനും ഭാരക്കുറവ്, വളർച്ച മുരടിക്കൽ എന്നിവ പരിഹരിക്കുന്നതിനുമായി അങ്കണവാടിയിൽ എത്തിച്ചേരുന്ന 3 മുതൽ 6 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് ആഴ്ചയിൽ 3 ദിവസം മുട്ടയും (1 egg per day per beneficiary) മൂന്ന് ദിവസം പാലും (125 ml per day per beneficiary) എന്ന രീതിയിൽ വിതരണം ചെയ്യുന്ന പോഷകബാല്യം പദ്ധതി (100% State sponsored) വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു.

കുട്ടികൾ, കൗമാരക്കാരായ പെൺകുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവരുടെ പോഷണ നിലവാരം ഉയർത്തുന്നതിനെ ലക്ഷ്യമിടുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പോഷൻ അഭിയാൻ. 100 ദിന കർമ്മ പദ്ധതിയിലുൾപ്പെടുത്തി, അങ്കണവാടി കുട്ടികൾക്ക് ത്രൈമാസ ആരോഗ്യ പരിശോധന നടത്തുന്നതിന്, വനിതാ-ശിശു വികസന വകുപ്പും ആരോഗ്യ കുടുംബക്ഷേമ വകുപ്പും സംയുക്തമായി ബാല്യസ്പന്ദനം പദ്ധതി' (ആരോഗ്യ പരിശോധന) ആരംഭിച്ചിട്ടുണ്ട്. കേരളത്തിൽ ആകെയുള്ള അങ്കണവാടികളിലെ മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി, അതാത് അങ്കണവാടികളിൽ വെച്ച് JAK (AAM SUB-CENTRE) ടീം ആരോഗ്യ പരിശോധന നടത്തുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. അങ്കണവാടികളിൽ 3 മാസത്തിൽ ഒരിക്കൽ ആരോഗ്യ പരിശോധന നടത്തുന്ന രീതിയിലാണ് പദ്ധതി നടപ്പാക്കുന്നത്. ആദ്യഘട്ട പരിശോധന 2026 സെപ്റ്റംബർ 2 മുതൽ സെപ്റ്റംബർ 30 വരെ നടന്നു. പദ്ധതി വഴി ആകെ 2,31,995 അങ്കണവാടി പ്രീ-സ്കൂൾ കുട്ടികൾക്ക് സേവനം ലഭിച്ചു. അങ്കണവാടി പ്രീ സ്കൂൾ കുട്ടികളിലെ ആരോഗ്യ/വളർച്ചാ പ്രശ്നങ്ങൾ തുടക്കത്തിൽ തന്നെ കണ്ടെത്തി പരിഹരിക്കാനും കുട്ടികളിൽ ആരോഗ്യവും വളർച്ചയും ഉറപ്പാക്കാനുമായി മൂന്ന് മാസത്തിലൊരിക്കൽ കൃത്യമായി നടത്തപ്പെടുന്ന ബാല്യസ്പന്ദനം പദ്ധതി വഴി ലക്ഷ്യമിടുന്നു. പദ്ധതി വഴി സേവനം ലഭിക്കുന്ന പ്രീ സ്കൂൾ കുട്ടികളുടെ വിവരങ്ങൾ, ജനറൽ ഹെൽത്ത് വിവരങ്ങൾ, ആരോഗ്യ പ്രശ്നങ്ങൾ നിലവിൽ ഉണ്ടെങ്കിൽ അവയുടെ വിവരങ്ങൾ, ഇമ്മ്യൂണൈസേഷൻ വിവരങ്ങൾ, വളർച്ചാ നിരീക്ഷണ വിവരങ്ങൾ, അനീമിയ നിർണ്ണയം, മറ്റ് അസുഖങ്ങൾ, കാഴ്ച, കേൾവി, മൂക്ക്, സംസാരം തുടങ്ങി എന്തെങ്കിലും തരത്തിലുള്ള പ്രശ്നങ്ങളുടെ സ്ക്രീനിങ് എന്നിവയും അതോടൊപ്പം റഫറൽ/ ഫോളോ-അപ്പ് നടത്തപ്പെടുന്നു.

**(ബി)** കുട്ടികൾക്ക് തുടർചികിൽസ ആവശ്യമുള്ളപക്ഷം ഭക്ഷണ മെനു പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ;

<u>**മറുപടി:**</u> കുട്ടികളിലെ ആരോഗ്യപ്രശ്നങ്ങളും അവയുടെ കാരണങ്ങളും കൃത്യമായി കണ്ടെത്തുന്നതിനായി ആരോഗ്യവകുപ്പുമായി സഹകരിച്ച് അങ്കണവാടികൾ വഴി ബാല്യസ്പന്ദനം എന്ന നൂതന പദ്ധതിയുടെ ഭാഗമായി കൃത്യമായ ഇടവേളകളിൽ ആരോഗ്യ പരിശോധന നടത്തി വരുന്നുണ്ട്. mild/moderate/severe എന്ന രീതിയിൽ ആണ് പോഷണ ന്യൂനതയെ തരം തിരിച്ചിട്ടുള്ളത്. ഓരോ കുട്ടിയുടേയും ആരോഗ്യസ്ഥിതിയും പ്രത്യേക സാഹചര്യങ്ങളും കണക്കിലെടുത്തു ഡോക്ടറുടെ നിർദ്ദേശാനുസരണം ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചു വരുന്നു. ഗുരുതരമായ പോഷകാഹാരക്കുറവുള്ള കുട്ടിയെ വിദഗ്ധ പരിചരണത്തിനായി ഏറ്റവും അടുത്തുള്ള എൻ.ആർ. സി (Nutrition Rehabilitation Centre) കളിലേയ്ക്ക് റഫർ ചെയ്യുകയും പോഷകാഹാരക്കുറവോ, ആരോഗ്യപരമായ കാരണങ്ങളാൽ പ്രായത്തിനനുസരിച്ച് വളർച്ചാക്കുറവോ ഉള്ള കുട്ടികൾക്ക് ഡോക്ടറുടെ നിർദ്ദേശാനുസരണം ആവശ്യമായ തുടർ നടപടി സ്വീകരിക്കുന്നു. ഈ വിഭാഗക്കാർക്ക് അനുപൂരക പോഷകാഹാര പദ്ധതിയുടെ ഭാഗമായി ഡബിൾ റേഷൻ നൽകി വരുന്നു.

അങ്കണവാടികളിലെ 3 വയസ്സ് മുതൽ 6 വയസ്സ് വരെയുള്ള പ്രീ-സ്കൂൾ കുട്ടികളുടെ അനുപൂരക പോഷകാഹാര പദ്ധതി പ്രകാരമുള്ള ഭക്ഷണ മെനു പരിഷ്കരിച്ച് ഏകീകൃത മാതൃകാ മെനു നടപ്പിലാക്കി 13/06/2025 തീയതിയിലെ സ.ഉ. (സാധാ) നം. 280/2025/WCDD പ്രകാരം ഉത്തരവായിട്ടുണ്ട്. സംസ്ഥാനതലത്തിൽ തയ്യാറാക്കിയ ഈ മാതൃകാമെനു ചാർട്ട് പ്രാദേശിക താല്പര്യങ്ങൾക്കും ഭക്ഷ്യവസ്തുക്കളുടെ ലഭ്യതയ്ക്കും, പഞ്ചായത്ത് ഫണ്ട് ലഭ്യതയ്ക്കും അനുസൃതമായി മെനു പരിഷ്കരിച്ച് നിശ്ചയിക്കുന്നതിനും ആയത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടു കൂടി സംസ്ഥാനത്തെ അങ്കണവാടികളിൽ പ്രാവർത്തികമാക്കുന്നതിന് മേൽ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

അനുപൂരക പോഷകാഹാരത്തിൽ ചേർത്ത പഞ്ചസാര (added sugar), ഉപ്പ്, കൃത്രിമ നിറങ്ങൾ, എണ്ണ എന്നിവയുടെ ഉപയോഗം പരിമിതപ്പെടുത്തണമെന്ന കേന്ദ്ര സർക്കാരിന്റെ ഡയറ്ററി മാർഗ്ഗനിർദ്ദേശങ്ങൾ മെനു പരിഷ്കരണത്തിൽ പൂർണ്ണമായും പാലിച്ചു കൊണ്ടും, 3 മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾക്ക് പ്രതിദിനം 500 KCal ഊർജ്ജവും 12-15 ഗ്രാം പ്രോട്ടീനും ഉറപ്പാക്കുന്ന രീതിയിലും, ദേശീയ ഭക്ഷ്യഭദ്രതാ നിയമം (NFSA 2013), സപ്ലിമെന്ററി ന്യൂട്രീഷ്യൻ റൂൾസ് (2017), 'മിഷൻ സക്ഷം അങ്കണവാടി & പോഷൻ 2.0' എന്നിവയിലെ മാനദണ്ഡങ്ങൾക്കനുസൃതമായുമാണ് പുതുക്കിയ മെനു തയ്യാറാക്കിയിട്ടുള്ളത്.

അങ്കണവാടി പ്രീ സ്കൂൾ കുട്ടികൾക്ക് തുടർ ചികിൽസ ആവശ്യമുള്ള പക്ഷം ഡോക്ടർ നിർദ്ദേശിക്കുന്ന തെറാപ്യൂട്ടിക്ക് ഫുഡ് SNP വഴി നൽകിവരാനുള്ള വ്യവസ്ഥയുണ്ട്.

**(സി)** പ്രസ്തുത പദ്ധതിയുടെ പ്രയോജനം എല്ലാ അംഗൻവാടി കുട്ടികൾക്കും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>**മറുപടി:**</u> 1000 ദിന പരിപാടി സംസ്ഥാനത്തെ മലയോര തീരദേശ മേഖലകളിൽപ്പെട്ട തെരഞ്ഞെടുക്കപ്പെട്ട 57 ICDS പ്രോജക്ടുകളിലാണ് നടപ്പിലാക്കി വരുന്നത്.

6 മാസം മുതൽ 3 വയസ്സ് വരെയുള്ള കുട്ടികൾക്ക് പോഷകാഹാര കുറവ് പരിഹരിക്കുന്നതിന് നിലവിൽ അനുവദിച്ചു വരുന്ന അമൃതം ന്യൂട്രിമിക്സ് age appropriate ആക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതിയുടെ പ്രയോജനം ഈ വിഭാഗത്തിൽപ്പെട്ട എല്ലാ കുട്ടികൾക്കും Take Home Ration ആയി തന്നെ ലഭ്യമാകുന്നതാണ്.

**സെക്ഷൻ ഓഫീസർ**